# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2595 17.06.2019 ലെ മറുപടിയ്ക്ക്

## 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം

| | ചോദ്യം<br><br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br><br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ) | 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | പൊതുസമൂഹത്തിൽ ബോധവൽക്കരണം നടത്തിയിട്ടും ഇത്തരം കേസുകൾ വർദ്ധിക്കുന്ന സാഹചര്യം ഗൗരവമായി പരിഗണിക്കുന്നുണ്ടോ; പ്രസ്തുത വിഭാഗങ്ങൾക്കെതിരെയുള്ള അക്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ വളരെ ചെറിയ ശതമാനത്തിന് മാത്രമേ ശിക്ഷ ലഭിക്കുന്നുള്ളൂ എന്നത് വസ്തുതയല്ലേ; അതിനുള്ള കാരണമെന്താണ്; | ബി) | ഇത്തരം കേസുകൾ വർദ്ധിക്കുന്ന സഹാചര്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അട്രോസിറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ചെറിയ ശതമാനത്തിന് മാത്രമാണ് ശിക്ഷ ലഭിക്കുന്നത് എന്നത് വസ്തുതയാണ്. കാരണങ്ങളിൽ പ്രധാനമായും തെളിവുകളുടെ അഭാവവും സാക്ഷികളുടെ കൂറുമാറ്റവും ഇരകൾ ഒത്തു തീർപ്പുകൾക്ക് തയ്യാറാകുന്നതുമാണ് എന്ന് കണ്ടിട്ടുണ്ട്. കോടതി നടപടികൾ വൈകുന്നത് ഒത്തു തീർപ്പിലേക്ക് നയിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമത്തെ വകുപ്പ് അതീവ ഗൗരവമായി കാണുന്നുണ്ട്. അതിക്രമം തടയൽ നിയമത്തെക്കുറിച്ച് വകുപ്പ് നിരവധി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പോലീസ് വകുപ്പിന്റെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, എസ്.ടി.പ്രൊമോട്ടർമാർ, ആശാവർക്കർമാർ എന്നിവരുടെ സഹായത്തോടെ കോളനികളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. |

<table>
<tr>
<td>സി)</td>
<td>2012 മുതൽ 2018 വരെയുള്ള കാലഘട്ടത്തിൽ എത്ര കേസുകളിൽ കുറ്റപത്രം നൽകിയെന്നും എത്ര കേസുകളിൽ ശിക്ഷിക്കപ്പെട്ടുവെന്നും വിശദമാക്കുമോ?</td>
<td>സി)</td>
<td>2012 മുതൽ 2018 വരെ കുറ്റപത്രം നൽകിയത്, ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>കുറ്റപത്രം നൽകിയത്</th><th>ശിക്ഷിക്കപ്പെട്ടത്</th></tr>
<tr><td>3474</td><td>64</td></tr>
</table>
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**